കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി - ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്റർ, അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ തസ്തികകളിലെ വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.2904/2016/പൊ.വി.വ തീയതി, തിരുവനന്തപുരം, 05/09/2016.

---

പരാമർശം :
1) ജി.ഒ (പി) 28/14/ധന. തീയതി 26.02.2016.
2) ജി.ഒ (പി) 7/18/ധന തീയതി 20.01.2016.
3) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 07.04.2016 ലെ എ 3/1058/16/കെ.എസ്.എൽ.എം.എ നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റ് മുഖേന പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളിലുമുള്ള ദിവസവേതന/കരാർ/താല്ക്കാലിക ജീവനക്കാരുടെ ശമ്പളം പുനർനിർണ്ണയിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽപ്പെടാത്ത സംസ്ഥാന സാക്ഷരതാ മിഷനിലെ തസ്തികകൾക്ക് പരാമർശം (2) പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള സ്കെയിലിന്റെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി ഓരോ തസ്തികകൾക്കും പുനർനിർണ്ണയിച്ചു നൽകിയിട്ടുള്ള ശമ്പളത്തിന്റെ മിനിമം സ്കെയിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ തസ്തികകൾക്ക് പരാമർശം (2) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് സമാന തസ്തികയിലെ ശമ്പള സ്കെയിലിന്റെ മിനിമം തുക യഥാക്രമം മുപ്പത്തിഒൻപതിനായിരത്തി അഞ്ഞൂറ് രൂപയും (39,500) രൂപ) മുപ്പത്തിരണ്ടായിരത്തി മുന്നൂറ് രൂപയും (32300) രൂപ) ആയി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജോസ്‌ഫോസ് പണിക്കർ പി ജെ**

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O No. എക്സ്പെ.ബി2/103/2016/ധന തീയതി 25.07.2016 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ